Save Paper, Save Tree



sahakari

സഹകാരി ഇ-മാഗസിൻ

# e magazine

ആഗസ്റ്റ് 2011

## ആഗസ്റ്റ് 2011

**E.D. സാബു**
മാനേജിംഗ് എഡിറ്റർ
സഹകാരി e-മാഗസിൻ
മേലഡൂർ പി.ഒ
തൃശൂർ 680741
(M) 9747300111

sahakari.net@gmail.com

**K.V. രാധാകൃഷ്ണൻ**
(റിട്ട. ജോയിന്റ്
രജിസ്ട്രാർ)
ചീഫ് എഡിറ്റർ

**P.P. ജോർജ്ജ്**
എഡിറ്റർ

**P. രാമചന്ദ്രൻ**
എഡിറ്റർ

**K.M. ചാക്കോ**
എഡിറ്റർ




## സ്വാതന്ത്ര്യം അനുഭവിച്ച 64 വർഷങ്ങൾ പിന്നിടുന്നു ഭാരതം...

പ്രിയ സുഹൃത്തെ,

65-ാം സ്വാതന്ത്ര്യദിനം 2011 ആഗസ്റ്റ് 15 ആചരിക്കുമ്പോൾ ഭാരത മക്കളായ നമുക്ക് ഏറെ അഭിമാനിക്കാം, പിന്നിട്ട 64 വർഷങ്ങൾ സ്വാന്ത്ര്യത്തിന്റെ മധുരം നുകർന്നതായിരുന്നെന്ന്. നമ്മുടെ സ്വാതന്ത്ര്യത്തിന്റെ പകിട്ട് മനസ്സിലിക്കാൻ നമുക്കാവുന്നത് അയൽ രാജ്യങ്ങളിലെ അരക്ഷിതാവസ്ഥയെ തുലനം ചെയ്യുമ്പോഴാണ്. നമ്മുടെ അയൽക്കാരായ പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക എന്നീ രാജ്യങ്ങളുടെ സ്വാതന്ത്ര്യവും ഇന്ത്യയുടെ സ്വാതന്ത്ര്യവും വ്യത്യസ്തമാണെന്ന് നമുക്ക് കാണാം. ദാരിദ്രവും ഭീതിയും കൈമുതലായ ജനവിഭാഗങ്ങളാണ് നമുക്കു ചുറ്റും ഉള്ളതെന്ന് കാണാം. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ മഹത്വത്തിന് പിന്നിലെ ശരിയായ കാരണം ഇന്ത്യൻ സ്വാതന്ത്ര സമര ശൈലിയാണെന്നതിൽ ആർക്കും സംശയമില്ല. അഹിംസ ആയുധമാക്കിയ മഹാത്മാ ഗാന്ധിജിയുടെ സമരമാർഗ്ഗം ഭാരത ജനതയെ ഇന്നു ലോകത്തിനു മുമ്പിൽ ഐക്യത്തിലും അഭിമാനത്തോടെയും നിലനിർത്തുന്നു. ആ മഹാത്മാവിന്റെ ചിന്താധാരകളും ജീവിതവുമാണ് നമ്മെ ഇന്നും നയിക്കുന്നത്. നമിക്കാം ഈ ദിനത്തിൽ ആ പുണ്യാത്മാവിനെ.... അഭിമാനിക്കാം ചുടുരക്തം ചിന്തിയ സ്വാതന്ത്ര്യ സേനാനികളുടെ പേരിൽ.... കാത്തുരക്ഷിക്കാം നാം തൻ സ്വാതന്ത്ര്യം എന്നുമെന്നും....

ഇ.ഡി. സാബു
മാനേജിംഗ് എഡിറ്റർ

# പ്രത്യക്ഷ നികുതി നിയമത്തെ എന്തിനു ഭയപ്പെടണം



കെ.വി. രാധാകൃഷ്ണൻ,
റിട്ട. ജോയിന്റ് രജിസ്ട്രാർ
ചീഫ് എഡിറ്റർ

കേന്ദ്ര ധനകാര്യ മന്ത്രി ശ്രീ. പ്രണബ് മുഖർജി 30-8-2010 ന് പാർലമെന്റിൽ അവതരിപ്പിച്ച പ്രത്യക്ഷ നികുതി ബില്ലിലെ പല വ്യവസ്ഥകളും സഹകരണ സംഘങ്ങളെ പ്രത്യേകിച്ച് കാർഷിക വായ്പ സംഘങ്ങളെ പ്രതികൂലമായി ബാധിച്ചേക്കുമെന്ന ഒരാശങ്ക എങ്ങിനെയോ കേരളത്തിലെ സഹകാരികൾക്കിടയിൽ പ്രചരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളിലെ സഹകാരികൾ നിർദ്ദിഷ്ട നിയമത്തെ എതിർക്കുന്നത് മറ്റു ചില കാരണങ്ങളലാണെന്ന് നമ്മൾ അറിയേണ്ടതുണ്ട്. പ്രാഥമിക തലത്തിലുള്ള കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് നിലവിലുള്ള നിയമങ്ങൾ അനുവദിക്കുന്ന നികുതി ഒഴിവുകളും ആനുകൂല്യങ്ങളും അങ്ങനെ തന്നെ നിലനിർത്തികൊണ്ടുള്ളവയാണ് ബില്ലിലെ വ്യവസ്ഥകൾ എന്നതാണ് വസ്തുത.

## ആദായ നികുതി നിയമത്തിലെവകുപ്പ് 80 (പി)

നിലവിലുള്ള ആദായ നികുതി നിയമത്തിനു പകരമായിട്ടാണ് പ്രത്യക്ഷ നികുതി നിയമം കൊണ്ടുവരാൻ പോകുന്നത്. 1-4-2012 മുതൽ പുതിയ നിയമം പ്രാബല്യത്തിൽ വരാനിരിക്കുകയാണ്. ഇപ്പോൾ പ്രാബല്യത്തിലുള്ള ആദായ നികുതി നിയമത്തിൽ വകുപ്പ് 80 (പി) പ്രകാരം സഹകരണ സംഘങ്ങൾക്ക് ആദായ നികുതിയിൽ അനുവദിക്കുന്ന ഇളവുകൾ പുതിയ നിയമം പ്രാബല്യത്തിൽ വരുമ്പോൾ ഇല്ലാതാകുമെന്ന് ചില സഹകാരികളുടെ വ്യാഖ്യാനം എത്രമാത്രം ശരിയാണെന്ന് പരിശോധിക്കേണ്ടതുണ്ട്.

വകുപ്പ് 80 (പി) പ്രകാരം സഹകരണ സംഘങ്ങൾക്ക് ആദായ നികുതിയിൽ നിന്ന് ഇളവുള്ള വരുമാനങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

വകുപ്പ് 80 (പി) (2) (എ) (i) അനുസരിച്ച് ബാങ്കിങ്, വായ്പ എന്നീ പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങളുടെ അത്തരം പ്രവർത്തനത്തിൽ നിന്നുള്ള ലാഭത്തെ ആദായനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 2006 ൽ ഉപവകുപ്പ് (4) പുതിയതായി കൂട്ടിച്ചേർത്ത് ഈ ആനുകൂല്യം പ്രഥമിക കാർഷിക വായ്പാ സംഘങ്ങൾ (PACS) ക്കും പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ (PCARDB) ക്കും മാത്രമായി പരിമിതപ്പെടു ത്തുകയുണ്ടായി. പ്രത്യക്ഷ നികുതി ബില്ലിലെ വകുപ്പ് 85 (1) മേൽപറഞ്ഞ ആനുകൂല്യം നിലനിർത്തുന്നതിനുള്ളതാണ്. ബില്ലിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ നിർവചനം ചേർത്തു കാണുന്നത് പുതിയ കാര്യമായി കാണേണ്ടതില്ല. 2006 ൽ ഫൈനാൻസ് ബില്ല് പ്രകാരം വകുപ്പ് 80 (പി) യിൽ ഈ നിർവചനം കൂട്ടി ചേർത്തിരുന്നു. ആയതിനാൽ മേൽപറഞ്ഞ സംഘങ്ങൾക്ക് ആദായ നികുതിയിൽ ലഭിച്ചുകൊണ്ടിരിക്കുന്ന 80 (പി) വകുപ്പു



പ്രകാരമുള്ള ഇളവിനെ പ്രത്യക്ഷ നികുതി നിയമം ഒരു തലത്തിലും പ്രതികൂലമായി ബാധിക്കുന്നതല്ല.

മറ്റു സഹകരണ സംഘങ്ങൾക്ക് അതായത് കുടിൽ വ്യവസായം, കാർഷികോൽപന്നങ്ങളുടെ വിപണനം, കാർഷികോൽപന്നങ്ങൾ, വിത്ത്, വളം, കീടനാശിനി തുടങ്ങിയവയുടെ വിതരണം, സംസ്ക്കരണം, തൊഴിലാളികളുടെ കൂട്ടായ സംരഭം, ക്ഷീരോൽപന്നങ്ങൾ, കോഴിവളർത്തൽ, എണ്ണ കുരുക്കൾ, പഴം, പച്ചക്കറി എന്നിവയുടെ ഉൽപാദനവും വിതരണവും, മത്സ്യ ബന്ധനം, എന്നിങ്ങനെ കാർഷിക, കാർഷികാനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്ന സഹകരണ സംഘങ്ങൾക്ക് അവയുടെ അത്തരം ബിസിനസ്സിൽ നിന്നുള്ള മുഴുവൻ ലാഭവും ആദായ നികുതി വിമുക്തമാണെന്ന് വകുപ്പ് 80 (പി) (2) (എ) (i) മുതൽ (VII) വരെ (ബി) എന്നീ ക്ലോസ്സുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. കാർഷിക വായ്പ സംഘങ്ങളല്ലാത്ത ഇത്തരം സംഘങ്ങൾക്കും ലഭിക്കുന്ന നികുതി ഇളവ് പ്രത്യക്ഷ നികുതി നിയമത്തിലെ വകുപ്പ് 80 ൽ നിലനിർത്തിയിട്ടുണ്ട്. മേൽപറഞ്ഞ വിഭാഗങ്ങളിലൊന്നും പെടാത്ത മറ്റുള്ള സംഘങ്ങളിൽ കൺസ്യൂമർ സംഘങ്ങൾക്ക് 1 ലക്ഷം രൂപയും മറ്റെല്ലാതരം സംഘങ്ങൾക്കും 50,000 രൂപ വരെയും ഉള്ള ലാഭത്തിന് നികുതി ഇളവ് 80 (പി) (2) പ്രകാരം ലഭിക്കും.

## പ്രത്യക്ഷ നികുതി നിയമത്തിലെ 85, 86 വകുപ്പുകൾ

നിലവിലുള്ള ആദായ നികുതി നിയമത്തിൽ സഹകരണ സംഘങ്ങൾക്കുള്ള നികുതി ഇളവുകൾക്കായി വകുപ്പ് 80 (പി) യിൽ പ്രാഥമിക കാർഷിക - കാർഷികാനുബന്ധ സഹകരണ സംഘങ്ങളെന്നും ഇതിലൊന്നും പെടാത്ത സംഘങ്ങളെന്നും വേർതിരിച്ചിട്ടുണ്ട്. ഈ രീതി തന്നെയാണ് പ്രത്യക്ഷ നികുതി നിയമത്തിലും സ്വീകരിക്കുന്നത്. വകുപ്പ് 85 പ്രാഥമിക കാർഷിക വായ്പ സംഘങ്ങളെയും വകുപ്പ് 86 വായ്പേതര കാർഷിക - കാർഷികാനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങളേയും ഉദ്ദേശിച്ചുള്ളതാണ്. ഇതിലൊന്നും പെടാത്ത മറ്റു സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ നിന്നുള്ള ലാഭത്തിന് നിലവിലുള്ള നിയമത്തിൽ അനുവദിച്ചു തരുന്ന ഇളവ് 1 ലക്ഷം രൂപ 50,000 രൂപ പ്രത്യക്ഷ നികുതി നിയമത്തിൽ കാണുന്നില്ല. പകരം വകുപ്പ് 86 ൽ പറയുന്ന സംഘങ്ങളുടെ തന്നെ മറ്റു പ്രവർത്തനങ്ങളിൽ നിന്നുള്ള ലാഭത്തിനാണ് 1 ലക്ഷം രൂപ വരെ ഇളവനുവദിക്കാനുദ്ദേശിക്കുന്നത്. ഇങ്ങനെ നിലവിലുള്ള വകുപ്പ് 80 (പി) യുടെ ആനുകൂല്യങ്ങളിൽ നിന്ന് ബില്ലിൽ ഒഴിവാക്കിയിരിക്കുന്നത് കുടിൽ വ്യവസായം, കാർഷിക ഉൽപന്ന സംസ്ക്കരണം, എണ്ണ കുരുക്കൾ, പഴം, പച്ചക്കറി, തെഴിലാളികളുടെ കൂട്ടുസംരംഭം എന്നിവയുമായി ബന്ധപ്പെട്ട സംഘങ്ങളെയാണ്.

എല്ലാതരം സഹകരണ സംഘങ്ങളുടെയും അവ മറ്റു സഹകരണ സംഘങ്ങളിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന പലിശ, ഡിവിഡന്റ് എന്നിവ ആദായ നികുതിയിൽ നിന്ന് വകുപ്പ് 80 (2) (ഡി) പ്രകാരം ഒഴിവാക്കിയിരുന്നു. പ്രത്യക്ഷ നികുതി നിയമത്തിൽ ഈ ആനുകൂല്യം എടുത്തുകളഞ്ഞതായിട്ടാണ് കാണുന്നത്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മറ്റു വായ്പാ സംഘങ്ങളിൽ നടത്തുന്ന നിക്ഷേപത്തിന്മേൽ ലഭിക്കുന്ന വരുമാനത്തിന് 80 (പി) (2) (a) പ്രകാരമാണ് നികുതി ഇളവ് അനുവദിക്കുന്നത്. ആയതിനാൽ വകുപ്പ് 80 (പി) (2) (ഡി) എടുത്തു മാറ്റിയത് ഈ സംഘങ്ങളെ ബാധിക്കുന്നതല്ല. കാരണം പ്രത്യക്ഷ നികുതി കോഡിലെ 85-ാം വകുപ്പ് ഇത്തരം വരുമാനത്തിനും സംരക്ഷണം നൽകുന്നുണ്ട്. നിക്ഷേപങ്ങളിലുള്ള പലിശ, ഡിവിഡന്റ് എന്നീ വരുമാനങ്ങൾക്ക് നികുതി ഇളവ് കണക്കാക്കുമ്പോൾ സംഘം വാങ്ങിയിട്ടുണ്ടെങ്കിൽ അതിന് നൽകിയ പലിശ കുറവ് ചെയ്യണമെന്ന സുപ്രീംകോടതി വിധി നിലവിലുണ്ട്. എല്ലാത്തരം സംഘങ്ങളെ സംബന്ധിച്ചിടത്തോളം 80 (പി) (2) (ഡി) പ്രകാരം ലഭിച്ചുകൊണ്ടിരിക്കുന്ന ഈ

Best Wishes....
The Makkaraparamba Service Co-operative Bank Ltd. P. 576
M. Hassan
President
Haneefa Perincheeri M.com., LLB, MBA
Secretary



ആനുകൂല്യം ബില്ലിൽ നിഷേധിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ സഹകാരികൾ ബില്ലിനോട് വിയോജിപ്പ് കാണിക്കുന്നതിലെ പ്രധാന കാരണം ഇതാണ്. പ്രാഥമിക കാർഷിക ഗ്രാമ വികസന സംഘങ്ങളുടെ നിലവിലുള്ള ആനുകൂല്യങ്ങൾ ഇല്ലാതാകും എന്നാരോപണം കേരളത്തിലല്ലാതെ മറ്റെവിടെയും ഉയർന്നുവന്നതായി കാണുന്നില്ല.

## സഹകരണ ബാങ്കുകളുടെ പ്രശ്നം

സംസ്ഥാന സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിങ്ങനെ സഹകരണ ബാങ്കുകൾ എന്ന നിർവ്വചനത്തിൽ വരുന്ന സംഘങ്ങൾക്ക് ആദായ നികുതി നിയമത്തിലെ വകുപ്പ് 80 (പി) പ്രകാരമുള്ള കിഴിവുകൾക്ക് അർഹതയില്ല. മുമ്പ് സൂചിപ്പിച്ച പോലെ 2006 ൽ ഉപവകുപ്പ് (4) കൂട്ടിചേർത്ത് ബാങ്കിങ്ങ് ബിസിനസ്സിലെ ലാഭം നികുതി വിമുക്തമായിട്ടുള്ളതാണ്.പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകക്കുമായി പരിമതപ്പെടുത്തിയതു മുതൽ മേൽപറഞ്ഞ സഹകരണ ബാങ്കുകൾക്ക് ഈ ആനുകൂല്യം നിഷേധിക്കപ്പെട്ടു വരികയാണ്. ഇപ്പോൾ പ്രത്യക്ഷ നികുതി നിയമത്തിൽ അത് പുനസ്ഥാപിക്കാനുള്ള ആവശ്യവും ഭാരതമൊട്ടാകെ പൊന്തി വന്നിട്ടുണ്ട്.

സംശയാസ്പദവും കിട്ടാകടങ്ങളുമായ വായ്പകളുടെ പലിശ പിരിഞ്ഞുകിട്ടാത്ത പക്ഷം നികുതി വിമുക്തമാണെന്ന് ബില്ലിൽ 35 (3) (സി) വകുപ്പായി വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഷെഡ്യൂൾഡ് ബാങ്കുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതും സഹകാരികളെ പ്രകോപിപ്പിച്ചിട്ടുണ്ട്. അർബൻ ബാങ്കുകളും, ജില്ലാ ബാങ്കുകളും, സംസ്ഥാന സഹകരണ ബാങ്കുകളും ഒട്ടുമിക്കതും ഷെഡ്യൂൾഡ് ബാങ്കുകളുടെ പദവിയുള്ളവയല്ലെന്നതിനാൽ മേൽപറഞ്ഞ ആനുകൂല്യം അവയ്ക്ക് ലഭിക്കില്ല എന്നതാണതിന് കാരണം.

## ആശങ്കകൾ മിഥ്യയും സത്യവും

ഡയറക്ട് ടാക്സ് കോഡിനെ കുറിച്ചും ഇന്ത്യയിലെ സഹകാരികൾക്കിടയിലെ ഉൽക്കണ്ഠയെ കുറിച്ചും വേണ്ട വിധം പഠിക്കാത്തതുകൊണ്ട് കേരളത്തിലെ സഹകാരികൾക്കിടയിൽ ഒട്ടേറെ ആശങ്കകൾക്ക് വിത്തുപാകാൻ ചില ശ്രമങ്ങൾ നടന്നതായി കാണുന്നുണ്ട്. നമ്മുടെ ഭയവും യാഥാർത്ഥ്യവും തമ്മിൽ എത്രമാത്രം അന്തരമുണ്ടെന്ന് പരിശോധിച്ചാൽ കണ്ടെത്താനാകും.

(1) പ്രാഥമിക കാർഷിക വായപാ സഹകരണ സംഘങ്ങളെ കുറിച്ചുള്ള ബില്ലിലെ നിർവചനം പുതിയതല്ല. കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്നതുമല്ല. കാരണം നിലവിലുള്ള ഇൻകം ടാക്സ് ആക്ട് വകുപ്പ് 80 (പി) (4) കേരള സഹക രണ നിയമത്തിലെ വകുപ്പ് 2 (ഒ എ) എന്നിവ പ്രകാരം സമാനമായ നിർവ്വചനം തന്നെ നിലവിലുണ്ട്.

(2) പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളെ സംബന്ധിച്ച ബില്ലിലെ നിർവ്വചനവും കേരളത്തിലെ സഹകരണ നിയമത്തിൽ വകുപ്പ് 2 (ഒസി) ഇൻകം ടാക്സ് ആക്ട് വകുപ്പ് 80 (പി) (4) എന്നിവയിൽ നിന്ന് വ്യത്യസ്തമല്ല.

ആശംസകളോടെ....
കുരിയച്ചിറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 637
പി.ഒ. കുരിയച്ചിറ, തൃശ്ശൂർ, 680006
ചാർളി പന്തല്ലൂക്കാരൻ (പ്രസിഡണ്ട്)
പി.ഡി. റാഫി (സെക്രട്ടറി)

(3) ബില്ലിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളും കാർഷികാനുബന്ധ ആവശ്യങ്ങൾക്ക് നൽകുന്ന വായ്പകളിലെ വരുമാനത്തിന് മാത്രം പൂർണ്ണമായും ആദായ നികുതി ഇളവ് അനുവദിച്ചിരിക്കുന്നു എന്നും മറ്റു വായ്പകളിലെ വരുമാനത്തിന്റെ 1 ലക്ഷം രൂപക്കുമേൽ നികുതി ചുമത്തുമെന്നും ചിലർ ധരിച്ചുകാണുന്നത് ബില്ലിലെ വ്യവസ്ഥ ശരിക്കും മനസ്സിലാക്കാതെയാണ്. മേൽപറഞ്ഞ സഹകരണ സ്ഥാപനങ്ങൾ അംഗങ്ങൾക്ക് നൽകിയ എല്ലാതരം വായ്പകളിൽ നിന്നും ബാങ്കിംഗ് പ്രവർത്തനങ്ങളിൽ നിന്നുമുള്ള ആദായം നികുതിയിൽ നിന്ന് ഒഴിവായിരിക്കുമെന്നാണ് വകുപ്പ് 85 ൽ വ്യക്തമാക്കയിട്ടുള്ളത്. കാർഷിക വായ്പ മാത്രമല്ല എല്ലാതരം വായ്പകളും ഇതിൽപെടുന്നു. മാത്രമല്ല കാർഷികേതര മേഖലയിലെ വായ്പയിലെ വരുമാനത്തിന്റെയല്ല മറ്റു പ്രവർത്തനങ്ങളിൽ നിന്നെല്ലാമുള്ള വരുമാനത്തിന്റെ ഒരുലക്ഷം രൂപവരെയാണ് നിലവിൽ ഇളവു ള്ളത് മറിച്ച് കരുതാൻ ഇൻകം ടാക്സ് നിയമത്തിലോ ഇപ്പോൾ ചർച്ചക്ക് വിധേയമായിട്ടുള്ള ഡയറക്ട് ടാക്സ് കോഡ് ബില്ലിലോ വ്യവസ്ഥകളില്ല.

(4) പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ എല്ലാതരം വായ്പകളിൽ നിന്നുമുള്ള ആദായം വകുപ്പ് 80 (പി) (2) പ്രകാരം നികുതി വിമുക്തമാണ്. കാർഷികേതര വായ്പകൾക്കും ഈ ആനുകൂല്യം ലഭ്യമാണ്. ഡയറക്ട് ടാക്സ് കോഡിലെ വകുപ്പ് 85 (1) ൽ ഈ ആനുകൂല്യം നില നിർത്തിയിട്ടുണ്ട്. ഭവന നിർമ്മാണം, ചെറുകിട വ്യവസായം തുടങ്ങിയവയ്ക്ക് നൽകുന്ന വായ്പകളിൽ നിന്നുള്ള വരുമാനത്തിന് നികുതി നൽകേണ്ടി വരുമെന്ന ചില സഹകാരികളുടെ ഭയം എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

(5) പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ സ്ഥിതിയും ഇതു തന്നെയാണ് വായ്പാ പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം നികുതി വിമുക്തമാണെന്ന് വ്യക്തമായിട്ടുള്ളതിനാൽ ഭവന നിർമ്മാണം, ചെറുകിട വ്യവസായം തുടങ്ങിയവയ്ക്ക് നൽകിയ വായ്പകളും സ്വർണ്ണ പണയ വായ്പകളുമടക്കം ഇതിൽ ഉൾപ്പെടുത്തുക തന്നെ ചെയ്യും.

(6) അംഗങ്ങൾക്ക് നൽകിയ വായ്പകൾക്ക് (കാർഷികവും കാർഷികേതരവും) മാത്രമാണ് ആനുകൂല്യം ലഭിക്കുക എന്നതാണ് മറ്റൊരു ഭയപാട് വോട്ടവകാശമുള്ള അംഗങ്ങൾക്ക് നൽകിയ വായ്പകളിൻ മേൽ മാത്രമേ നികുതി ആനുകൂല്യമുള്ളു എന്ന് നിലവിലുള്ള നികുതി നിയമത്തിലോ ഡയറക്ടർ ടാക്സ് കോഡിലോ പരാമർശമില്ല. വോട്ടവകാശമില്ലാത്ത നാമമാത്ര അംഗങ്ങളും അംഗങ്ങളായി കണക്കാക്കപ്പെടുമെന്ന് ഓർക്കേണ്ടതുണ്ട്.

സഹകരണ സംഘങ്ങൾക്ക് വകുപ്പ് 85 (1) 86 (2) എ, 86 (2) (ബി) എന്നിങ്ങനെ 3 വിധത്തിലുള്ള ആനുകൂല്യങ്ങളാണ് ബില്ലിൽ വിഭാവനം ചെയ്തിരിക്കുന്നത്. അവ താഴെ പറയും പ്രകാരം സംഗ്രഹിക്കാവുന്നതാണ്.

(1) വകുപ്പ് 85 (1)- അംഗങ്ങൾക്ക് നൽകുന്ന വായ്പകൾ, ബാങ്കിങ്ങ് പ്രവർത്തനം എന്നിവയിൽ നിന്നുള്ള ലാഭം.

ഈ ആനുകൂല്യം പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്കും പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾക്കും മാത്രം ഉള്ളതാണെന്ന് ബില്ലിൽ വ്യക്തമായിട്ടുണ്ട്. വോട്ടവകാശമുള്ള അംഗങ്ങൾക്ക് നൽകിയ വായ്പ മാത്രമെ കണക്കാക്കൂ എന്ന് നിർബന്ധമില്ല.

(2) വകുപ്പ് 86 (2) (എ)- കൃഷി, കാർഷികാനുബന്ധ പ്രവർത്തനങ്ങളിൽ നിന്നുള്ള 1 ലക്ഷം രൂപ വരെയുള്ള വരുമാനം.

Best Wishes....

The Makkaraparamba Service Co-operative Bank Ltd. P. 576

M. Hassan
President

Haneefa Perincheeri M.com., LLB, MBA
Secretary

(3) വകുപ്പ് 86 (2) (ബി)- മറ്റു പ്രവർത്തനങ്ങളിൽ നിന്നുള്ള ഒരു ലക്ഷം രൂപ വരെയുള്ള വരുമാനം.

മുകളിൽ കൊടുത്ത (2) (3) ഇനങ്ങളിലുള്ള നികുതി ഇളവുകൾ കർഷകർക്കുമാത്രം വോട്ടവകാശമുള്ള പ്രാഥമിക സംഘങ്ങൾക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു.

ചുരുക്കത്തിൽ വകുപ്പ് 85 പ്രകാരമുള്ള ആനുകൂല്യമാണ് പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾക്കും ലഭിക്കുക.

86 (2) (എ) (ബി) എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഇവയ്ക്ക് ലഭിക്കില്ല എന്നും മനസ്സിലാക്കേണ്ടതുണ്ട് അതുകൊണ്ട് തന്നെ വോട്ടവകാശമുള്ള അംഗങ്ങളെ സംബന്ധിച്ച ഉപാധിയുടെ പ്രശ്നം ഉദിക്കുന്നുമില്ല.

ഇതിലൊന്നും പെടാത്ത മറ്റു സംഘങ്ങളെ കുറിച്ച് ബില്ലിൽ പരാമർശം ഒന്നുമില്ലാത്തതിനാൽ അവയ്ക്കൊന്നും നികുതി ഇളവിന് അർഹതയില്ലെന്നത് വസ്തുതയാണ്.

പ്രത്യക്ഷ നികുതി നിയമം സഹകരണ സംഘങ്ങളുടെ നിലവിലുള്ള ആനുകൂല്യങ്ങളിൽ എന്തെല്ലാമാണ് ഹനിക്കുന്നതെന്ന് കൂടി പരിശോധിക്കേണ്ടതുണ്ട്.

1) കാർഷീക വായ്പാസംഘങ്ങളുടെ പ്രധാന പ്രവർത്തനമായ ബാങ്കിംങ്, വായ്പ എന്നിവയിൽ നിന്നല്ലാതെയുള്ള 1 ലക്ഷം രൂപ വരെയുള്ള വരുമാനത്തിന് നികുതിയിളവുണ്ടായിരുന്നത്, പ്രത്യക്ഷ നികുതിനിയമത്തിൽ നിലനിർത്തിയിട്ടില്ല.

2. പഴം-പച്ചക്കറി, എണ്ണകുരുക്കൾ എന്നിവയിൽ നിന്നുള്ള ആദായത്തിന്മേലുള്ള നികുതിയിളവ് നിലനിറുത്തിയിട്ടില്ല.

3. മറ്റ് സംഘങ്ങളിലുള്ള നിക്ഷേപത്തിന്മേലുള്ള പലിശ, ലാഭവിഹിതം ഗോഡൗൺ വാടക എന്നിവയിന്മേലുള്ള ആനുകൂല്യങ്ങൾ ഒഴിവാക്കിയിരിക്കുന്നു. (പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് മാത്രമാണ് ഇനി നിക്ഷേപങ്ങളിന്മേൽ ലഭിക്കുന്ന പലിശയിൽ നികുതിയിളവ് ലഭിക്കുക)

4. ഷെഡ്യൂൾഡ് ബാങ്കുകളല്ലാത്ത അർബൺ - ജില്ലാ - സംസ്ഥാന സഹകരണ ബാങ്കുകൾക്ക് മൊത്ത വരുമാനത്തിന്റെ 7.5 ശതമാനത്തിൽ അധികരിക്കാത്ത വിധത്തിൽ കിട്ടാകടങ്ങൾക്കും സംശയാസ്പദമായ കടങ്ങൾക്കുമുള്ള കരുതലിന്മേൽ നികുതിയിളവ് ലഭിച്ചിരുന്നത് നിഷേധിക്കപ്പെട്ടിരിക്കുന്നു.

5. എല്ലാ സംഘങ്ങളും അംഗങ്ങൾക്ക് നൽകുന്ന പലിശയിൽ നിന്ന് ഉറവിടത്തിൽ നികുതി കുറവ് ചെയ്യൽ (TDS) എന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിരുന്നത് പ്രത്യക്ഷ നികുതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ പൊതുജനങ്ങളിൽ നിന്ന് സ്വീകരിക്കുന്ന നിക്ഷേപത്തിന്മേൽ നൽകുന്ന പലിശയിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല എന്ന വ്യവസ്ഥ നിലനിറുത്തിയിട്ടില്ല.

Best Wishes....

The Makkaraparamba Service Co-operative Bank Ltd. P. 576

M. Hassan
President

Haneefa Perincheeri M.com., LLB, MBA
Secretary

# 1969 ലെ കേരള സഹകരണ സംഘം നിയമം ഭേദഗതി 2010
## 28 – 4 – 2010 തീയതിയിലെ
## കേരള സർക്കാർ സാധാരണ ഗസ്റ്റ് നമ്പർ 1033
## 28.4.2010 ലെ കേരള സർക്കാർ വിജ്ഞാപനം നമ്പർ 14953
## Leg. B2/09/Law



ഇ.ഒ. തങ്കപ്പൻ
റിട്ട. ജോയിന്റ് രജിസ്ട്രാർ

ഒന്നാംലക്കം തുടർച്ച

### 15. വകുപ്പ് 56 ൽ ഭേദഗതി

i മൂലനിയമവകുപ്പ് 56 ൽ ഉപവകുപ്പ് (1) (സി) വിട്ടുകളയുക

ii ഉപവകുപ് (2) ൽ ഖണ്ഡിക 'എ' യിൽ ഇരുപതിന് പകരം ഇരുപത്തഞ്ച് ആക്കുക (25%)

iii ഉപവകുപ്പ് (2) ൽ ഖണ്ഡിക സി ക്ക് പകരം താഴെ പറയും പ്രകാരം ആക്കുക

(സി) അറ്റലാഭത്തിന്റെ ഏഴ് ശതമാനം ആഗ്രിക്കൾച്ചർ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ട്

(സി സി) അറ്റലാഭത്തിന്റെ അഞ്ച് ശതമാനം രജിസ്ട്രാർ സംരക്ഷിക്കുന്ന പ്രൊഫഷണൽ എഡ്യുക്കേഷൻ ഫണ്ടിലേക്ക്

iv ഖണ്ഡിക (ഇ)യിൽ താഴെ പറയും പ്രകാരം പകരം ചേർക്കുക

(ഇ) ബാക്കി വരുന്ന അറ്റാദായം സംഘം ബൈലോയിൽ വ്യവസ്ഥ ചെയ്യും പ്രകാരം ജീവനക്കാർക്ക് ബോണസ് നൽകുന്നതൊഴികെ എല്ലാ ആവശ്യങ്ങൾക്കുവേണ്ടിയോ അവയിൽ ചിലതിനു മാത്രമായോ വിനിയോഗിക്കാവുന്നതാണ്.

(V) ഉപവകുപ്പ് (2) ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ഉൾപ്പെടുത്തേണ്ടതാണ്.

(3) ഈ നിയമത്തിൽ വകുപ്പ് 18 ൽ എന്തുതന്നെ പറഞ്ഞിരുന്നാലും ജില്ലാ സഹകരണ ബാങ്കിന്റെ കാര്യത്തൽ ഉപവകുപ്പ് (2) ഖണ്ഡിക (എ) യുടെ ആവശ്യാർത്ഥം അംഗമെന്ന പദത്തിൽ നാമമാത്ര അംഗങ്ങളും സഹായകാംഗങ്ങളും ഉൾപ്പെടുന്നതാണ്.

### 16. വകുപ്പ് 57 (എ) യുടെ ഭേദഗതി

മൂലനിയമം വകുപ്പ് 57 'എ' യിൽ ഉപവകുപ്പ് 2 ൽ താഴെപ്പറയുന്നത് പകരം ചേർക്കേണ്ടതാണ്.

(2) ഒരു സംഘത്തിന് പദ്ധതിയിൽ നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള നിരക്കിൽ നിധിയിലേക്ക് അംശാദായം നൽകാവുന്നതാണ്.

### 17. പുതിയ വകുപ്പ് '57 ഡി' കൂട്ടിച്ചേർക്കൽ

മൂലനിയമം '57' സിക്ക് ശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്.

വകുപ്പ് '57 ഡി' - കോ-ഓപ്പറേറ്റീവ് റിസ്ക് ഫണ്ട് സ്കീം.

(1) സഹകരണസംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ തിരിച്ചടവ് കാലത്ത് മരണപ്പെടുന്ന പക്ഷം അവരുടെ വായ്പാ ബാദ്ധ്യത നികത്തുന്നതിനുവേണ്ടി ഗസ്റ്റ് വിജ്ഞാപനം മൂലം സർക്കാർ കോ-ഓപ്പറേറ്റീവ് റിസ്ക് ഫണ്ട് സ്കീം എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കേണ്ടതാണ്.

(2) സംഘങ്ങളുടെ മാതൃക ഈ പദ്ധതി പ്രകാരം നൽകുന്ന വായ്പ ഇനങ്ങൾ സംഘങ്ങൾ ഫണ്ടിലേക്ക് നൽകേണ്ട അംശാദായനിരക്ക് രീതി, ഭരണരീതി, ഫണ്ട് വിനിയോഗം ഫണ്ടിനെ സംബന്ധിച്ച് സൂക്ഷിക്കേണ്ട കണക്ക് പുസ്തകങ്ങൾ, അതിന്റെ ആഡിറ്റ് എന്നിവ പദ്ധതിയിൽ വ്യക്തമാക്കേണ്ടതാണ്.

**18 വകുപ്പ് 59 ലെ ഭേദഗതി**

മൂലനിയമം വകുപ്പ് 59 ൽ 2-ാം ഉപവകുപ്പിന് ശേഷം താഴെ പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കുക. (3) (2)-ാം ഉപവകുപ്പ് പ്രകാരം അംഗങ്ങൾക്ക് അഥവാ അംഗങ്ങളല്ലാത്തവർക്ക് നൽകുന്ന വായ്പകൾ ആയതിന്റെ തിരിച്ചടവ് രജിസ്ട്രാർ നിശ്ചയിക്കുന്ന രീതിയിൽ ആയിരിക്കുന്നതാണ്.

**19. വകുപ്പ് 63 ൽ ഭേദഗതി**

(1) മൂലനിയമം വകുപ്പ് (63) ൽ ഉപവകുപ്പ് 3 ന് പകരം താഴെ പറയുന്നത് ചേർക്കുക.

(3) ഗവൺമെന്റിന് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി ഈ ആക്ട് പ്രകാരമുള്ള സഹകരണ ആഡിറ്റ് ഡയറക്ടറുടെ എല്ലാമോ ഏതെങ്കിലും അധികാരമോ അദ്ദേഹത്തിന്റെ കീഴ്ജീവനക്കാർക്ക് പകർന്ന് നൽകാവുന്നതാണ്.

(11) ഉപവകുപ്പ് (6) ന്ന ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കുക

(7) ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ് സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ ആയിരിക്കും.

**20. വകുപ്പ് 64 ൽ ഭേദഗതി**

മൂലനിയമം വകുപ്പ് (64) (i) ഉപവകുപ്പ് (6) ൽ ഫീസ് പദത്തിനുശേഷം കോസ്റ്റും കൂട്ടിചേർക്കുക.

(ii) ഉപവകുപ്പ് 7 ൽ ഫീസിനുശേഷം കോസ്റ്റും നോൺ പേമെന്റ് ഓഫ് ഫീക്ക് ശേഷം അഥവാ കോസ്റ്റും കൂട്ടിച്ചേർക്കുക.

(iii) ഉപചട്ടം '8' ൽ ഫീസ് വാക്കിനുശേഷം അഥവാ കോസ്റ്റും കൂട്ടിച്ചേർക്കുക.

(iv) ഉപവകുപ്പ് 11 ന് സേഷം താഴെ പറയുന്ന ഉപവകുപ്പ് കൂട്ടി ചേർക്കുക.

(12) ഈ നിയമത്തിൽ എന്തുതന്നെ പറഞ്ഞിരുന്നാലും സംഘം ഭരണസമിതിക്ക്.

(എ) ഡയറക്ടർ കോ-ഓപ്പറേറ്റീവ് ആഡിറ്റ് ഓരോ വർഷവും ആഡിറ്റ് നടത്തി തരുന്നതിന് അപേക്ഷിക്കുന്നതിനുമുൻപ് ആയി ആഡിറ്റ് നടത്തുന്നതിനാവശ്യമായ ഫീസോ കോസ്റ്റോ മുൻകൂറായി ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ് നിശ്ചയിക്കുംപ്രകാരം അടക്കേണ്ടതും പുസ്തകങ്ങളും കണക്കുകളും സാമ്പത്തിക പത്രങ്ങളും ആഡിറ്റർക്ക് ആഡിറ്റിന് ആവശ്യപ്പെടുന്ന എല്ലാ സ്റ്റേറ്റുമെന്റുകളും ഉപവകുപ്പ് 4 ൽ അനുശാസിക്കും വിധം സമയപരിധിക്കുള്ളിൽ എഴുതി പൂർത്തീകരിച്ച് ചീഫ് എക്സിക്യൂട്ടീവ് മൂഖേന ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്ററ്ക്കോ അഥവാ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആഡിറ്റ് നടത്തി തരുന്നതിനുവേണ്ടി അപേക്ഷിക്കുവാനും

(ബി)ആഡിറ്റ് സർട്ടിഫിക്കറ്റ് മുഴുവനും പൊതുയോഗത്തിന്റെയോ പ്രാതിനിധ്യ പൊതുയോഗത്തിന്റെ മുൻപാകെ വയ്ക്കേണ്ടതും അതിൽ പറയുന്ന ന്യൂനതകൾ പൊതുയോഗത്തിലോ പ്രാതിനിധ്യ/പൊതുയോഗത്തിലോ വായിക്കേണ്ടതും ഓരോ ന്യൂനത പരിഹാരവും പൊതുയോഗത്തിലോ പ്രാതിനിധ്യ പൊതുയോഗത്തിലോ വെയ്ക്കേണ്ടതിനും

(സി) ആഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന എല്ലാ ന്യൂനതകളും പരിഹരിക്കേണ്ടതും ആഡിറ്റ് സർട്ടിഫിക്കറ്റിൽ പറയുന്ന ന്യൂനതകളുടെ പരിഹരണ റിപ്പോർട്ട് ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം രണ്ട് മാസങ്ങൾക്കകം ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റിനും രജിസ്ട്രാർക്കും സമർപ്പിക്കുന്നതിനും ചുമതലയുണ്ട്.

**21. വകുപ്പ് 66 ൽ ഭേദഗതി**

മൂലനിയമം വകുപ്പ് (66) ൽ

(1) ഉപവകുപ്പ് '4' ന് പകരം താഴെപ്പറയുന്നത് ഉൾക്കൊള്ളിക്കേണ്ടതാണ്.

(4) രജിസ്ട്രാർക്കോ അഥവാ (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന് സംഘത്തിന്റെ ബുക്കുകളും റിക്കാർഡുകളും

കണക്കുകളും പ്രമാണങ്ങളും സെക്യൂരിറ്റികളും ക്യാഷ് ബാലൻസും മറ്റ് സ്വത്തുക്കളും പരിശോധിക്കുന്നതിനും ന്യായമായ എല്ലാ സമയത്തും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും അങ്ങിനെയുള്ള ഏതെങ്കിലും ബുക്കുകളും റിക്കാർഡുകളും കണക്കുകളും പ്രമാണങ്ങളും സെക്യൂരിറ്റികളും ക്യാഷ് ബാലൻസും മറ്റ് സ്വത്തുക്കളും പരിശോധിക്കുന്നതിനും ന്യായമായ എല്ലാ സമയത്തും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും അങ്ങിനെയുള്ള ഏതെങ്കിലും ബുക്കുകളും റിക്കാർഡുകളും കണക്കുകളും പ്രമാണങ്ങളും സെക്യൂരിറ്റികളും ക്യാഷ് ബാലൻസും മറ്റ് സ്വത്തുക്കളും കൈവശമുണ്ടായിരിക്കുകയോ, സൂക്ഷിക്കുവാൻ ഉത്തരവാദിയായിരിക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും പരിശോധനയ്ക്കായി സംഘത്തിന്റെ ആസ്ഥാനത്തോ അഥവാ അതിന്റെ ബ്രാഞ്ചിലോ അഥവാ സംഘത്തിന് പ്രവർത്തന ഓഫീസ് ഇല്ലെങ്കിൽ രജിസ്ട്രാറുടെ ഓഫീസിലോ ഏതെങ്കിലും കീഴുദ്യോഗസ്ഥന്റെ ഓഫീസിലോ പരിശോധനാർത്ഥം അവ ഹാജരാക്കാൻ സമൺസ് അയക്കാവുന്നതാണ്.

(4എ) അങ്ങിനെ നടത്തുന്ന മേലന്വേഷണത്തിലും പരിശോധനയിലും ആയതിലേക്ക് വേണ്ടിവരുന്ന ഏതൊരു വിവരം നൽകേണ്ടതിനും (4)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ബുക്കുകൾ, രേഖകൾ ക്യാഷ് ബാലൻസ് മുതലായവ നൽകുന്നതിന് സംഘത്തിലെ ഏതൊരുദ്യോഗസ്ഥനും ജീവനക്കാരനും സഹകരിക്കേണ്ടതും സഹായിക്കേണ്ടതും ആയതിന് പരാജയപ്പെട്ടാൽ വകുപ്പ് 94 ഉപവകുപ്പ് (4) പ്രകാരം കുറ്റകരമായി കണക്കാക്കാവുന്നതാണ്.

(II) ഉപവകുപ്പ് (10ന്) ശേഷം താഴെ കാണിക്കുന്ന ഉപവകുപ്പും വിശദീകരണവും കൂട്ടിചേർക്കുക.

(II) (1)-ാം ഉപ വകുപ്പിലോ (2)-ാം ഉപവകുപ്പിലോ എന്തു തന്നെ അടങ്ങിയിരുന്നാലും

(II) രജിസ്ട്രാർക്കോ അഥവാ (1)-ാം വകുപ്പ് പ്രകാരം അദ്ദേഹം അധികാരപ്പെടുത്തുന്ന കീഴുദ്യോഗസ്ഥന്മാർക്കോ ഒരു അപേക്ഷ ലഭിച്ചാൽ സംഘം രേഖകൾ അന്വേഷണം നടത്തുന്നതിനും കാലാകാലങ്ങളിൽ സംഘകാര്യങ്ങളെ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് അധികാരമുണ്ടായിരിക്കുന്നതും അങ്ങിനെയുള്ള കാര്യങ്ങളിൽ (4) ഉപവകുപ്പ് പ്രകാരമുള്ള അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

വിശദീകരണം 1: ഈ ഉപവകുപ്പിന്റെ ആവശ്യാർത്ഥം മറ്റുകാര്യങ്ങളുമായി ബന്ധപ്പെടുത്തി സംഘത്തിന്റെ ഭരണം നടത്തിപ്പിൽ വ്യാപാരവും ഉൾപ്പെടുന്നു.

വിശദീകരണം 2: (4)-ാം ഉപവകുപ്പിൽ പറയും പ്രകാരം സംഘം ഉദ്യോഗസ്ഥരുടേയും ചീഫ് എക്സിക്യൂട്ടീവിന്റേയും ചുമതലുകളും കുറ്റങ്ങളുടെ സ്വഭാവങ്ങളും, ശിക്ഷകളും ഈ ഉപവകുപ്പിലും ബാധകമായിരിക്കുന്നതാണ്.

## 22. വകുപ്പ് 66 'എ' യുടെ ഭേദഗതി

മൂലനിയമം വകുപ്പ് 66 'എ' യ്ക്ക് പകരം താഴെ പറയുന്നത് ചേർക്കുക.

വകുപ്പ് 66 'എ' നിർദേശങ്ങൾ നൽകാൻ ജിസ്ട്രാർക്കുള്ള അധികാരങ്ങൾ :- ഈ നിയമങ്ങൾക്കും ചട്ടങ്ങൾക്കും കീഴിൽ വരുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഈ നിയമത്തിലെ ഉദ്ദേശങ്ങളുടെ ഉന്നമനത്തിനായി അംഗങ്ങൾക്കും പൊതുജനങ്ങൾക്കും പ്രയോജനകരമായ സർക്കാർ നയങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും അഥവാ എല്ലാ സൊസൈറ്റികൾക്കും രജിസ്ട്രാർക്ക് പൊതുവായ നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനുള്ള അധികാരങ്ങൾ ഉണ്ടായിരിക്കും.

## 23. വകുപ്പ് 68 ന്റെ ഭേദഗതി

മൂലനിയമം വകുപ്പ് 68 ഉപവകുപ്പ് (2) ന് ശേഷം താഴെപറയുന്ന ഉപവകുപ്പ് കൂട്ടിചേർക്കുക

(3) പണമോ, വസ്തുക്കളോ പലിശയോ ചിലവോ മടക്കികൊടുക്കാതിരിക്കുകയോ അഥവാ വീണ്ടെടുക്കാതിരിക്കുകയോ വന്നാൽ ഉപവകുപ്പ് (2) ൽ വ്യക്തമാക്കും

പ്രകാരം രജിസ്ട്രാർക്ക് അപ്രകാരമുള്ള സംഖ്യ ബന്ധപ്പെട്ട കക്ഷികളിൽ നിന്നും 79-ാം വകുപ്പ് പ്രകാരം സർക്കാർ ഖജനാവിലേക്ക് ഭൂമിക്കരം പോലെ ഈടാക്കി എടുക്കുന്നതിന് ഉടൻ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

## 24. പുതിയ വകുപ്പ് 69 'എ' ഉൾക്കൊള്ളിക്കൽ

മൂലനിയമം (69) ന് ശേഷം താഴെ പറയുന്ന വകുപ്പ് ഉൾക്കൊള്ളിക്കുക.

വകുപ്പ് 69 'എ' കോ-ഓപ്പറേറ്റീവ് ഓംബുട്സ്മാൻ

(1) ബാങ്കിങ്ങ് വ്യാപാരം നടത്തുന്ന സഹകരണസംഘങ്ങൾ ബാങ്കിങ്ങ് അഥവാ ഇതരസേവനങ്ങൾ നടത്തുന്നതിൽ ഉണ്ടാകുന്ന കുറവുകളെ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുക എന്ന ഉദ്ദേശത്തോടെ 'കേരള കോ-ഓപ്പറേറ്റീവ് ഓംബുട്സ്മാൻ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതിക്ക് സർക്കാർ ഓദ്യോഗിക ഗസ്റ്റ് വിജ്ഞാപനം വഴി രൂപം നൽകാവുന്നതാണ്.

(2) ഈ പദ്ധതിപ്രകാരം ചുമതല ഏൽപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒന്നോ അഥവാ കൂടുതൽ ഓംബുട്സ്മാനെയോ ഓംബുട്സ്മാൻമാരേയും സർക്കാരിന് നിയമിക്കാവുന്നതാണ്.

(3) ഓംബുട്സ്മാൻ അഥവാ ഓംബുട്സ്മാൻമാർ അതാത് സംഗതിപോലെ ഓദ്യോഗിക പദവിയിൽ പ്രവേശിക്കുന്ന തിയതി മുതൽ മൂന്നുവർഷമോ അഥവാ അറുപത്തഞ്ച് വയസ്സോ ഇതിൽ ആദ്യം വരുന്നതോ ആയിരിക്കും കാലാവധി.

(4) ബാങ്കിങ്ങിലോ സഹകരണരംഗത്ത് അനുഭവജ്ഞാനവും പ്രാഗൽഭ്യവും ഉള്ളവരും മാനേജ്മെന്റിലോ നിയമത്തിലോ സർവ്വകലാശാലാ ബിരുദം ഉള്ള വ്യക്തിയേയോ വ്യക്തികളേയോ ആയിരിക്കും (2)-ാം ഉപവകുപ്പ് പ്രകാരം ഓംബുട്സ്മാൻ അഥവാ ഓംബുട്സ്മാൻമാരായി നിയമിക്കേണ്ടത്.

(5) ഓംബുട്സ്മാന്റെ പ്രവർത്തനങ്ങൾ, അധികാരങ്ങൾ ചുമതലകൾ മുതലായവ പദ്ധതിയിൽ വ്യക്തമാക്കും പ്രകാരമായിരിക്കും.

(6) ഓംബുട്സ്മാൻ സർക്കാരിന്റെ നിയന്ത്രണത്തിൽ ആയിരിക്കും.

## 25. വകുപ്പ് 70 'എ' ലെ ഭേദഗതി

മൂലനിയമം വകുപ്പ് 70 'എ' ൽ ഉപവകുപ്പ് 4 നു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കുക

(4) ആർബിട്രേഷൻ കോടതിയെ സഹായിക്കുന്നതിനായി സർക്കാരോ രജിസ്ട്രാറോ ആവശ്യമായ ഉദ്യോഗസ്ഥന്മാരെയോ ജീവനക്കാരെയോ നിയമിക്കേണ്ടതാണ്.

## 26. അദ്ധ്യായം X 'ബി'

സഹകരണ സംഘങ്ങൾ അവയുടെ ഭാരവാഹികൾ, ജീവനക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ

വകുപ്പ് 74 - 'ബി' (1) ബ്രാഞ്ചുകൾ ആരംഭിക്കുന്നത്.

അംഗവായ്പാ സംഘങ്ങൾ

അംഗങ്ങൾക്കും പൊതുജനങ്ങൾക്കും മതിയാംവണ്ണം സേവനം പ്രദാനം ചെയ്യാതിരിക്കുകയോ ദുർബലപ്പെടുകയോ ചെയ്യുന്ന അംഗ വായ്പാ സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ സംസ്ഥാന സഹകരണ ബാങ്കും, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും അവരുടെ അംഗവായ്പാ സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ ബ്രാഞ്ചുകൾ ആരംഭിക്കാവുന്നതാണ്.

വകുപ്പ് 74 'സി' :- ചില സഹകരണ സംഘങ്ങളിൽ പരിശോധന - 66-ാം വകുപ്പിൽ എന്തുതന്നെ പറഞ്ഞിരുന്നാലും അപ്പക്സ്, ഫെഡറൽ, കേന്ദ്രസംഘ കാര്യങ്ങൾ വർഷത്തിൽ ഒരിക്കൽ പരിശോധിക്കുകയോ, പരിശോധിപ്പിക്കാവുന്നതും പരിശോധന ഉദ്യോഗസ്ഥന്മാരുടെ അധികാരങ്ങൾ 66-ാം വകുപ്പ് ഉപവകുപ്പ് (4) ൽ

പറയും പ്രകാരമായിരിക്കുന്നതാണ്.

വിശദീകരണം :- ഈ വകുപ്പ് പ്രകാരം നടത്തുന്ന പരിശോധന കൂടുതലായി നടത്തുന്നതും ഇപ്പോൾ പ്രാബല്യത്തിലുള്ള മറ്റേത് നിയമ പ്രകാരം നടത്തുന്ന പരിശോധനയ്ക്ക് ഹാനികരമാകുന്നതല്ല.

വകുപ്പ് 74 ഡി-സ്ഥിരീകരണ സാക്ഷ്യപത്രം നൽകുന്നത് ചീഫ് എക്സിക്യൂട്ടീവിന്റെ ചുമതല:- മറ്റൊരു സംഘത്തിനനുകൂലമായി ആഡിറ്റർ ആവശ്യപ്പെടുന്ന സാക്ഷ്യപത്രം ആ സംഘം സൂക്ഷിക്കുന്ന കണക്കുകളുടെ കൃത്യമായ സ്ഥിരീകരണ സാക്ഷ്യപത്രം ആഡിറ്റർ ആവശ്യപ്പെടുന്ന സമയത്തിനുള്ളിൽ നൽകേണ്ടത് ചീഫ് എക്സിക്യൂട്ടീവിന്റെ ചുമതലയാണ്.

വകുപ്പ് 74 'ഇ'- പണത്തിന്റെ നിക്ഷേപവും വായ്പ നൽകുന്ന രീതിയും :- എല്ലാ സഹകരണസംഘങ്ങളും ബാങ്കുകളും പണം നിക്ഷേപമായി സ്വീകരിക്കുന്നതും വായ്പ നൽകുന്നതും, അപ്രകാരം നിർണ്ണയിക്കപ്പെട്ട രീതിയിൽ ആയിരിക്കേണ്ടതാണ്.

വകുപ്പ് 74 'എഫ്' - വായ്പ എഴുതി തള്ളൽ :- ഏതെങ്കിലും നിയമത്തിലും ചട്ടങ്ങളിലും എന്ത് തന്നെ പറഞ്ഞിരുന്നാലും ഏതെങ്കിലും സംഘത്തിലെ വായ്പക്കാരുടെ കാർഷിക കാർഷികേതര കടങ്ങൾ എഴുതി തള്ളുന്നതിനുള്ള അധികാരം സർക്കാരിലോ രജിസ്ട്രാറിലോ നിക്ഷിപ്തമായിരിക്കുന്നതും മറ്റ് അധികാരിക്കോ കമ്മീഷനോ ഇല്ലാത്തതുമാകുന്നു.

വകുപ്പ് 74 'ജി' - സഹകരണ സംഘങ്ങളിൽ ലൈബ്രറി ഓരോ സഹകരണ സംഘവും ഒരു ലൈബ്രറി സ്ഥാപിക്കേണ്ടതാണ്. എന്നാൽ കഴിഞ്ഞ അഞ്ചുവർഷക്കാലം തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ ഈ വ്യവസ്ഥയിൽ അടങ്ങിയിരിക്കുന്നത് ബാധകമാക്കേണ്ടതില്ല.

## 27. വകുപ്പ് 80-ലെ ഭേദഗതി

മൂലനിയമം വകുപ്പ് 80-ൽ

(1) ഉപവകുപ്പ് (3എ) ൽ ദി കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ എന്ന വാക്കുകൾക്ക് ശേഷം താഴെ പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക. അപ്രകാരം നടത്തുന്ന നിയമനങ്ങളിൽ 1958-ലെ കേരള സ്റ്റേറ്റ്സ് ബോർഡിനെറ്റ് സർവീസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെ ചട്ടങ്ങളിലുള്ള സംവരണ തത്വങ്ങൾ പാലിക്കേണ്ടതാണ്.

(2) ഉപവകുപ്പ് (3 എ) ക്ക് ശേഷം താഴെ പറയുന്നത് ഉൾക്കൊള്ളിക്കേണ്ടതാണ്.

ഉപവകുപ്പ് (3 എ എ) ഈ നിയമത്തിലോ മറ്റേത് നിയമത്തിലോ ഏതെങ്കിലും കോടതി ജഡ്ജ്മെന്റിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും 1958-ലെ കേരള സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ 14 മുതൽ 17 വരെയുള്ളവയുടെ കീഴിൽ വരുന്ന സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് പട്ടികയിൽ പറയുന്ന സംഘങ്ങളിൽ നേരിട്ട് നിയമനം നടത്തുന്ന കാര്യത്തിൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ അഡ്വൈസ് പ്രകാരമുള്ള വ്യവസ്ഥകൾ പ്രാബല്യത്തിലുള്ളപ്പോൾ നടത്തിയ എല്ലാ നിയമനങ്ങളും സാധുതയുള്ളതായി കണകാക്കപ്പെടുന്നതായിരിക്കും.

(3) ഉപവകുപ്പ് (4) ന് ശേഷം താഴെ പറയുന്ന ഉപവകുപ്പു ഉൾപ്പെടുത്തുക.

(5) ഉപവകുപ്പ് (1) ലോ അഥവാ (2) ലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഓരോ സംഘത്തിലെ ആകെ ജീവനക്കാരിൽ മൂന്ന് ശതമാനം നാൽപത് ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിൽ വികലാംഗർക്കായി സംവരണം ചെയ്യേണ്ടതും നിയമന നടപടിക്രമങ്ങൾ അപ്രകാരം നിർണ്ണയിക്കപ്പെടുന്നതുപോ ലെയുമായിരിക്കും.എന്നാൽ സംഘങ്ങളിൽ കാഡർ തസ്തികയും അനുവദിക്കപ്പെട്ട കാഡർ തസ്തികകൾ ഉൾപ്പെടെ പത്തിൽ കൂടുതലോ മുപ്പത്തി മൂന്നിൽ കുറവോ ജീവനക്കാരിൽ ഏറ്റവും ചുരുങ്ങിയത് ഒരാൾ ശാരീരിക അംഗവൈകല്യമുള്ളവർ സംവരണത്തിൽ ഉണ്ടാകേണ്ടതാണ്.

(6) സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളം അലവൻസ് മറ്റ് ആനുകൂല്യങ്ങൾ നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(7) ബൈലോയിൽ എന്തു തന്നെ അടങ്ങിയിരുന്നാലും സർക്കാരോ രജിസ്ട്രാരോ അതാത് കാലം നിശ്ചയിക്കുന്ന നിരക്കിൽ കൂടുതൽ ബോണസ് ഒരു സംഘം ജീവനക്കാർക്ക് നൽകാവുന്നതല്ല..

(8) സർക്കാർ ഉത്തരവനുസരിച്ച് ഒരു സംഘത്തിലേയോ ഒരു വിഭാഗം സഹകരണ സംഘങ്ങളിലേയോ ജീവനക്കാരുടെ ഏകീകൃത സേവന വ്യവസ്ഥകളും പെരുമാറ്റ ചട്ടങ്ങൾക്കും രൂപം നൽകേണ്ടതാണ്.

(9) ഒരു സഹകരണസംഘത്തിലെ ഉദ്യോഗസ്ഥൻ ജീവനക്കാരൻ അഥവാ സേവനക്കാരുമായി ബന്ധപ്പെട്ട സസ്പെൻഷൻ അച്ചടക്ക നടപടിയും നിർണ്ണയിക്കപ്പെട്ടപോലെ ആയിരിക്കുന്നതാണ്.

## 28. വകുപ്പ് 80 'ബി' യുടെ ഭേദഗതി

മൂല നിയമം വകുപ്പ് '80 ബി' യിൽ (1)-ാം ഉപവകുപ്പിന് ശേഷം താഴെ പറയുന്ന ഉപവകുപ്പ് ഉൾപ്പെടുത്തുക.

'1 എ' സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പ്രമോഷന് വേണ്ടി മത്സരപരീക്ഷയോ യോഗ്യത നിർണ്ണയ പരീക്ഷകൾ ഏതെങ്കിലുമുണ്ടെങ്കിൽ സഹകരണ സർവ്വീസ് പരീക്ഷാബോർഡ് അപ്രകാരം നിർണ്ണയിക്കപ്പെട്ട രീതിയിൽ നടത്തേണ്ടതാണ്.

## 29. വകുപ്പ് 82-ലെ ഭേദഗതി

മൂലനിയമം വകുപ്പ് (82) ൽ (1)-ാം ഉപവകുപ്പിന് ശേഷം താഴെ പറയും ഉപവകുപ്പ് ഉൾപ്പെടുത്തുക.

(1 എ) ഒന്നാം ഉപവകുപ്പിന് വിധേയമായി സഹകരണ ട്രിബ്യൂൺ ആറുമാസത്തിനകം ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ കക്ഷികൾക്ക് നിർദ്ദേശത്തോടെ അറിയിപ്പും നൽകേണ്ടതാണ്.

## 30. വകുപ്പ് 94 ലെ ഭേദഗതി

മൂല നിയമം വകുപ്പ് 94-ൽ (1) ഉപവകുപ്പ് (8)-ന് പകരം താഴെ പറയുന്ന ഉപവകുപ്പ് ഉൾപ്പെടുത്തുക.

(8)(1) സംഘത്തിലെ ഏതെങ്കിലും ഓഫീസറോ, ജീവനക്കാരനോ ഏജന്റോ ഭൃത്യനോ അഥവാ സംഘം കൈകാര്യം ചെയ്യുന്ന ഏതെങ്കിലും വ്യക്തിയോ സംഘത്തിനവകാശപ്പെട്ട ഏതെങ്കിലും പണം അനധികൃതമായോ ന്യായ രഹിതമായോ കൈവശം വയ്ക്കുകയോ ചെയ്യുകയാണെങ്കിൽ പ്രസ്തുത വ്യക്തിക്ക് മൂന്ന് കൊല്ലത്തിൽ കവിയാത്ത തടവോ കുറ്റത്തിൽ ഉൾപ്പെട്ട സംഖ്യയുടെ ഇരട്ടിയിൽ കവിയാത്ത സംഖ്യവരെ പിഴയോ ശിക്ഷ നൽകാവുന്നതാണ്.

(2) അപ്രകാരം പകരം ഉൾപ്പെടുത്തിയ ഉപവകുപ്പ് (8) ന് ശേഷം താഴെ പറയുന്ന ഉപവകുപ്പുകൾ കൂട്ടിച്ചേർക്കുക.

('8 എ') ഏതെങ്കിലും വ്യക്തി സത്യവിരുദ്ധമായോ കൃത്രിമമായോ കപട രേഖകൾ, അഥവാ അനുചിത (തെറ്റായ) മായ രേഖകൾ, വാല്യുവേഷൻ സർട്ടിഫിക്കറ്റ്, അഥവാ പ്രോജക്റ്റ് റിപ്പോർട്ട് സൃഷ്ടിക്കുകയോ നടപ്പാക്കുകയോ അഥവാ സൃഷ്ടിക്കപ്പെടുകയോ നടപ്പാക്കപ്പെടുകയോ അഥവാ സാങ്കൽപ്പികമായ ഒരു കമ്പനിയോ സ്ഥാപനമോ സംഘമോ ഏതെങ്കിലും വായ്പാ അപേക്ഷയ്ക്ക് തനിക്കോ മറ്റൊരാൾക്കോ പിൻബലം നൽകുന്നതിനോ വായ്പ നൽകുന്നതിന് വേണ്ടി പ്രേരിപ്പിക്കുകയും അതുമൂലം സംഘത്തിന് നഷ്ടം ഉണ്ടാകാൻ കാരണമാകുന്നതിന് വേണ്ടി രജിസ്റ്റർ ചെയ്യുകയോ ചെയ്യിക്കുകയോ ചെയ്താൽ പ്രസ്തുത വ്യക്തിക്ക് മൂന്ന് കൊല്ലത്തിൽ കവിയാത്ത തടവോ കുറ്റത്തിൽ ഉൾപ്പെട്ട സംഖ്യയുടെ ഇരട്ടിയിൽ കവിയാത്ത രൂപവരെ പിഴയോ ശിക്ഷ നൽകാവുന്നതാണ്.



# പണവും പരിപാലനവുമായി സഹകരണത്തിന്റെ വിജയഗാഥ ഇരിങ്ങാലക്കുടയിൽ

**ശ്രീ. എം.പി. ജാക്സൺ**
ചെയർമാൻ, ഇരിങ്ങാലക്കുട ടൗൺ സഹകരണ ബാങ്ക് &
ചെയർമാൻ, ഇരിങ്ങാലക്കുട കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ

കേരളത്തിലെ സഹകരണമേഖലയിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്ന ഇരിങ്ങാലക്കുട ടൗൺ സഹകരണബാങ്ക് സ്ഥാപിതമായത് 1918 ലാണ്. ശക്തമായ ജനകീയ അടിത്തറയും ദീർഘകാല പാരമ്പര്യവും, ദിശാബോധമുള്ള ഭരണസമിതികളും ഉറച്ച തീരുമാനങ്ങളുമായി സഹകരണമേഖലയ്ക്ക് തന്നെ മാതൃകയായി മാറിയ ബാങ്ക് ചെയർമാൻ ശ്രീ.എം.പി. ജാക്സനും ബാങ്കിന്റെ വിജയകരമായ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുന്നു.

## ചരിത്രം

ഇരിങ്ങാലക്കുട ഗ്രാമത്തിന്റെ ആസ്ഥാനമായ ഇരിങ്ങാലക്കുട പട്ടണത്തിന്റെ മുഖച്ഛായ 90 വർഷം മുൻപ് അത്ര നല്ലതായിരുന്നില്ല. ജാതി ചിന്തകളും ഉച്ചനീചത്വവും കൊടുമ്പിരിക്കൊണ്ടിരുന്ന കാലം.... എല്ലാ ജാതിമതസ്ഥരെയും ഒന്നിച്ചിണക്കി ഒരു പരസ്പര സഹായ സഹകരണസംഘത്തിന് രൂപം നൽകുവാൻ അന്നുള്ളവർ ആശ്രാന്ത പരിശ്രമം നടത്തിയതിന്റെ ഫലമായി 25 അംഗങ്ങളോടുകൂടി 1093 ഇടവം 20-ാം തിയ്യതി രൂപീകരിച്ച സംഘമാണ് ഇരിങ്ങാലക്കുട ടൗൺ സഹകരണബാങ്ക്. അന്നത്തെ പ്രമുഖരും വിദ്യാസമ്പന്നരുമായ വ്യക്തികൾ സെന്റ് ജോർജ്ജ് പള്ളിയിലെ വികാരിയായിരുന്ന ഫാ. പിയൂഷ് അക്കരയുടെ അദ്ധ്യക്ഷതയിൽ, സെന്റ് അഗസ്റ്റിൻ CYMA ലൈബ്രറി ഹാളിൽ വെച്ച് യോഗം ചേർന്ന് ബാങ്കിന്റെ ഔചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചത്. അന്ന് ഇരിങ്ങാലക്കുട പട്ടണത്തിലെ ഭവന നിർമ്മാണം, കൃഷി വിവാഹാവശ്യങ്ങൾ, തൊഴിലുപകരണങ്ങൾ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കായി ആശ്രയിച്ചിരുന്നത് ഇരിങ്ങാലക്കുട ടൗൺ സഹകരണ ബാങ്കിനെയാണ്. ഇരിങ്ങാലക്കുട പട്ടണത്തിന്റെ സമ്പദ്‌വ്യവസ്ഥ അരക്കിട്ടുറപ്പിച്ചതും, പട്ടണത്തിൽ ഇന്ന് കാണുന്ന വ്യവസായ പ്രമുഖരുടെ പഴയ തലമുറക്ക് ഉത്തേജനം നൽകിയതും ടൗൺ കോപ്പറേറ്റീവ് ബാങ്കാണ്. എന്ന് വളരെ പ്രായം ചെന്ന പഴയ തലമുറ അഭിപ്രായപ്പെടുന്നു. 1108 മേടമാസത്തിൽ അന്നത്തെ ദിവാൻ ശ്രീ. ബോറിനു നൽകിയ സ്വീകരണം, 1111 കന്നിമാസത്തിൽ ശ്രീ. രാമവർമ്മ മഹാരാജാവ് ദിവാൻ ശ്രീ. ഷൺമുഖം ചെട്ടി എന്നിവരുടെ സന്ദർശനം തുടങ്ങിയ പരിപാടികൾക്ക് നേതൃത്വം നൽകിയതും അതിനുവേണ്ടി വിശേഷമായ പൂപ്പന്തൽ ഒരുക്കിയതും ടൗൺ സഹകരണ ബാങ്കാണെന്നും അവർ ഓർക്കുന്നു. കൂടാതെ ഇരിങ്ങാലക്കുട മുൻസിപ്പാലിറ്റി രൂപീകരണത്തിനും മുൻകൈ എടുത്തത്



ഹെഡ്ഓഫീസ് മന്ദിരം

ടൗൺ സഹകരണബാങ്കാണ്.

## വഴിത്തിരിവ്

വളരെ യാഥാസ്ഥിതികമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ബാങ്കിന്റെ പ്രധാനപ്പെട്ട വഴിത്തിരിവ് 1987 ൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയായിരുന്നു. ഇപ്പോഴത്തെ ബാങ്ക് ചെയർമാൻ എം. പി. ജാക്സൺ ഉൾപ്പെടെയുള്ള അന്നത്തെ ഭരണസമിതിക്ക് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നൂതനമായ ആശയങ്ങൾ പ്രാവർത്തികമാക്കുവാൻ സാധിച്ചപ്പോൾ ബാങ്കിന്റെ വളർച്ച അതിവേഗമായിരുന്നു, അതിനുശേഷം ബാങ്ക് കൈവരിച്ചിട്ടുള്ള പ്രധാന നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

## വികസന നാൾ വഴി

| | | | |
|---|---|---|---|
| 1) | 1987 - 1992 | - | മൂന്ന് ബ്രാഞ്ചുകൾ ആരംഭിച്ചു. |
| 2) | 1993 - 1995 | - | രണ്ട് ബ്രാഞ്ചുകൾ ആരംഭിച്ചു |
| 3) | 1995 - 1996 | - | മൂലധനം 1 കോടി കവിഞ്ഞു. |
| 4) | 1996 - 1997 | - | അർബ്ബൻ ബാങ്കായി ഉയർന്നു |
| 5) | 1997 - 1998 | - | ഇന്ത്യയിലെവിടേക്കും ഡിമാന്റ് ഡ്രാഫ്റ്റ് സൗകര്യം |
| 6) | 1999 - 2000 | - | മുഴുവനായും കമ്പ്യൂട്ടറൈസ് ചെയ്ത ബ്രാഞ്ചുകൾ |
| 7) | 2000 - 2002 | - | സെക്യൂരിറ്റി ട്രേഡിംഗ് രംഗത്ത് ആദ്യ അർബൻബാങ്ക്. പ്രവർത്തി സമയം 3 1/2 വരെ |
| 8) | 2002 - 2003 | - | പ്രവർത്തി സമയം 4 1/2 വരെ |
| 9) | 2007 - 2008 | - | പ്രവർത്തി സമയം 8 മുതൽ 8 വരെ<br>നവീകരിച്ച മെയിൻബ്രാഞ്ച്, ഹെഡാഫീസ്, ലൈബ്രറി, യോഗഹാൾ, എ.സി. ഹാൾ, ഗസ്റ്റ് റൂമുകൾ. |
| 10) | 2009 | - | Core Banking - Any. Branch Banking |
| 11) | 2011 | - | സഹകരണബാങ്കുകളിലെ ജീവനക്കാർക്ക് ചട്ടം 185 പ്രകാരമുള്ള ട്രെയിനിംഗിനുള്ള സെന്റർ ആരംഭിച്ചു. |

## ബാങ്കിന്റെ ഇന്നത്തെ സാമ്പത്തിക സൂചിക

| | | | |
|---|---|---|---|
| 1) | ക്ലാസ്സിഫിക്കേഷൻ | - | അർബൻ ബാങ്ക് സ്പെഷ്യൽ ഗ്രേഡ് I |
| 2) | അംഗങ്ങൾ | - | 27000 |
| 3) | ഓഹരി മൂലധനം | - | 570.52 ലക്ഷം |
| 4) | നിക്ഷേപങ്ങൾ | - | 24000 ലക്ഷം |
| 5) | വായ്പകൾ | - | 17000 ലക്ഷം |
| 6) | പ്രവർത്തന മൂലധനം | - | 30000 ലക്ഷം |
| 7) | പ്രവർത്തന മേഖല | - | മുകുന്ദപുരം താലൂക്ക് |



മെയിൻ ബ്രാഞ്ച്

(അതിരപ്പിള്ളി പഞ്ചായത്ത് ഒഴികെ)

8) ജീവനക്കാർ - 85

9) പരമാവധി വായ്പാ പരിധി - 2 കോടി IMBP

10) ബ്രാഞ്ചുകൾ - മെയിൻ, നട, താണിശ്ശേരി, ചേലൂർ, കാട്ടുങ്ങച്ചിറ, മാർക്കറ്റ്, കാരുകുളങ്ങര

മാറിയ സാമ്പത്തിക ക്രമത്തിൽ മത്സരിച്ചു ജയിക്കുന്നവർക്ക് മാത്രം നിലനിൽക്കാവുന്ന (Survival of the fittest) കാലഘട്ടത്തിൽ സഹകരണ മേഖല നേരിടുന്ന വെല്ലുവിളികൾ വളരെ വലുതാണ്. ഇപ്പോഴത്തെ ബാങ്ക് ചെയർമാൻ ശ്രീ. എം.പി. ജാക്സന്റെ ദീർഘവീക്ഷണവും, ഉറച്ച തീരുമാനങ്ങളും മറ്റ് ഭരണസമിതിയംഗങ്ങളുടെ പിന്തുണയും ഇരിങ്ങാലക്കുട ടൗൺ സഹകരണബാങ്കിനെ ഇത്തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്നതിന് പ്രാപ്തരാക്കിയിട്ടുണ്ട്. ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർമാൻ സ്ഥാനം രണ്ട് തവണ അലങ്കരിച്ച ശ്രീ. എം.പി. ജാക്സന്റെ സാമൂഹിക സേവനത്തിലൂന്നിയ, അഴിമതിരഹിതമായ പ്രവർത്തനശൈലി അദ്ദേഹത്തെ മറ്റു നേതാക്കളിൽ നിന്നും വ്യത്യസ്തനാക്കുന്നു.

ഇരിങ്ങാലക്കുടയിലെ ഇടത്തരം, ചെറുകിട ബിസിനസ്സ് സംരംഭങ്ങൾക്കും, സാധാരണക്കാരുടെ പെട്ടെന്നുള്ള സാമ്പത്തിക ആവശ്യങ്ങൾക്കും എന്നും ആശ്രയിക്കാവുന്ന ഇരിങ്ങാലക്കുടക്കാരുടെ ബാങ്കാണ് ഇരിങ്ങാലക്കുട ടൗൺ സഹകരണ ബാങ്ക്. വിവിധതരം നിക്ഷേപങ്ങൾക്ക് അനുയോജ്യമായ നിക്ഷേപപദ്ധതികളും മറ്റ് ബാങ്കിംഗ് സേവനങ്ങളും നൽകികൊണ്ട് എന്നും ഉപഭോക്താക്കൾക്കൊപ്പം നിൽക്കുവാൻ ബാങ്കിന് സാധിച്ചിട്ടുണ്ട്. ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഒരുക്കുന്നതിന് ഇരിങ്ങാലക്കുട ടൗൺ സഹകരണബാങ്ക് എന്നും ശ്രദ്ധിച്ചിട്ടുണ്ട് എന്നുള്ളതിന്റെ തെളിവാണ് രണ്ട് വർഷം മുൻപ് ആരംഭിച്ച Core Banking - Any.branch Banking സൗകര്യങ്ങൾ. എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും രാവിലെ എട്ട് മുതൽ വൈകിട്ട് എട്ട് വരെ നടത്താവുന്ന സൗകര്യവും നിലവിലുണ്ട്. പ്രവർത്തന മേഖല വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, തലോർ, കൊരട്ടി, കാട്ടൂർ, കരുവന്നൂർ, ആമ്പല്ലൂർ, കൊടകര, ചാലക്കുടി, മാള, വെള്ളാംങ്കല്ലൂർ എന്നിവിടങ്ങളിൽ ബ്രാഞ്ചുകൾ ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.


ഓഡിറ്റോറിയം


ലൈബ്രറി


യോഗ സെന്റർ

കേരളത്തിലെ സഹകരണമേഖലയിലെ മറ്റു സ്ഥാപനങ്ങളിൽ പലതും ഇരിങ്ങാലക്കുട ടൗൺ സഹകരണ ബാങ്കിനെ മാതൃകയാക്കിയിട്ടുണ്ട് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. സഹകരണ തത്വങ്ങൾക്കും, മൂല്യങ്ങൾക്കും അധിഷ്ഠിതമായി പ്രവർത്തിച്ചു വരുന്ന ഇരിങ്ങാലക്കുട ടൗൺ സഹകരണബാങ്ക് ചെയർമാനും, ജനറൽ മാനേജരും മറ്റു ബാങ്കുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് വളരെ താല്പര്യം പ്രകടിപ്പിച്ചു വരുന്നു. സഹകരണമേഖലയിലെ

ജീവനക്കാർക്ക് വേണ്ടിയുള്ള വിവിധതരം ട്രെയിനിംഗുകളും ബാങ്കിന്റെ ഹെഡാഫീസിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. എല്ലാ വിഷയങ്ങളിലേയും റഫറൻസ് ഗ്രന്ഥങ്ങളുൾപ്പെടെ 5000 പുസ്തകങ്ങളും മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉൾപ്പെടുന്ന മനോഹരമായ ലൈബ്രറിയും ബാങ്കിന്റെ ഹെഡാഫീസ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

ഇടപാടുകാർക്ക് ഉപകാരപ്രദമായ സേവനങ്ങൾ നൽകുന്നതിന് പരമാവധി പരിശ്രമിക്കുന്ന ബാങ്ക് ജീവനക്കാരുടെ ഏതാവശ്യങ്ങൾക്കും ബാങ്ക് ചെയർമാനും, ഭരണസമിതിയും മുന്തിയ പരിഗണന നൽകുന്നുണ്ട്.

കേരളത്തിലെ സഹകരണ ബാങ്കുകളുടെ ശമ്പള പരിഷ്ക്കരണ കമ്മിറ്റിയിൽ അംഗമായിരുന്ന ശ്രീ. എം.പി. ജാക്സൻ ജീവനക്കാരുടെ ആവശ്യങ്ങൾക്കായി ശക്തമായി വാദിച്ചിരുന്നു എന്നത് പ്രത്യേകം എടുത്ത് പറയേണ്ടിയിരിക്കുന്നു.

ഇരിങ്ങാലക്കുടയെന്ന കൊച്ചു പട്ടണത്തിൽ നിന്നും മുകുന്ദപുരം താലൂക്കിന്റെ മറ്റു ഭാഗങ്ങളിലേക്കും ബ്രാഞ്ചുകളും സേവനങ്ങളും വ്യാപിപ്പിക്കുവാൻ ഒരുങ്ങുന്ന ഇരിങ്ങാലക്കുട ടൗൺ ബാങ്കിന്റെ അടുത്ത ലക്ഷ്യം അധികം വൈകാതെ ത്തന്നെ ഒരു ഷെഡ്യൂൾഡ് ബാങ്ക് എന്ന പദവി കൈവരിക്കണമെന്നതാണ് ശ്രീ. എം.പി. ജാക്സനെപോലുള്ള ചെയർമാൻ അദ്ദേഹത്തിന് ഉറച്ച പിന്തുണ നൽകുന്ന ഭരണസമിതിയും അത്യദ്ധ്യാനം ചെയ്യുന്ന ജീവനക്കാരും സർവ്വോപരി സഹകരണ മനോഭാവമുള്ള ഇടപാടുകാരുമുണ്ടെങ്കിൽ ഈ ലക്ഷ്യവും ഇരിങ്ങാലക്കുട ടൗൺ സഹകരണബാങ്കിന് വിദൂരമല്ല.

1. ഇരിങ്ങാലക്കുടയിലെ ആദ്യ ഗ്രന്ഥശാലയായിരുന്ന സെന്റ് ആഗസ്റ്റിൻ CYMA യിൽ അന്ന് 10000 പുസ്തകങ്ങൾ ഉണ്ടായിരുന്നു എങ്കിൽ ആ പാരമ്പര്യം ഉൾക്കൊണ്ട് കൊണ്ട് ഇരിങ്ങാലക്കുട ടൗൺ സഹകരണബാങ്ക് കേരളത്തിലെ തന്നെ ഏറ്റവും മനോഹരമായ ലൈബ്രറിയാണ് പൊതുജനങ്ങൾക്ക് വേണ്ടി സ്ഥാപിച്ചിട്ടുള്ളത്.

2. സഹകരണ പ്രസ്ഥാനങ്ങൾക്ക് കരുത്ത് പകരുന്ന ഒട്ടേറെ കോടതി വിധികളും ബാങ്ക് സമ്പാദിച്ചിട്ടുണ്ട്.

3. സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്ന ഒരു കേന്ദ്രമാണ് ഇരിങ്ങാലക്കുട ടൗൺ സഹകരണബാങ്ക്.

തയ്യാറാക്കിയത് – **പീറ്റർ ജോസഫ്**

## IRINJALAKUDA CO-OPERATIVE HOSPITAL LTD.

However t]e biggest singular, most outstanding contribution to the native place by Shri. Jackson, who has been at the helm of administration of Irinjalakuda Town Co-op. Bank for over two decades, is certainly the formation of Irinjalakuda Co-Operative



Hospital Ltd. (ICHL) in 1995. Before the establishment of ICHL, Irinjalakuda town and all its adjacent places were woefully lacking in advanced in ideal facilities and the people of there areas had always been on the men to the super speciality hospitals elsewhere for getting the much needed medicalcare. Shri. Jackson bestowed with his rich experiences and skilful leadership in the co-operative sector and civil administration personalised the fond dream of the people of Irinjalakuda and adjacent areas by promoting a much speciality hospital in co-operative sector with many super speciality departments. For this he could enlist the help of same friends and colleges having expertise in the endeavour and succeed in the build up of the great institution of ICHL with their whole hearted co-operation.

The ICHL building has an inbuilt area of about 1.2 lakh square feet in four storys and can provide facilities for 250 inpatients in addition to paying attention to hundreds of outpatients, situtated in a for acre level plot at Kolothumpady, about 1.5 km south of the Tana Junction at Irinjalakuda, on the Thrissur, Kodungallur, state highway, the ICHL is easily accessible by public and private vehicles and its venue in acclaimed for the picture square background, sprawhing garder, and sevene atmosphere.

The ICHL does have all the major departments -General medicine, General surgery, Orthopaedies, Gynaceologyst of otrstetries, Paediatries, ENT, Radiology, Dentistry, Dematology and Physiothreraphy, and besides super specialities like Cardiology, Neurology, Neohatology, Urology, Eastn Enterology, Maxxillofacial and Neprology and a Sukhada Ayurkerndra under the guidance of a renounced Ashta Vaidyan. The ICHL is having a fully automised laboratory, 3 pharmacy out lets, a Nursing School with hostel ambulances, canteen and has provided many modern medical equipments like CTScan, 3 D Echo Color Doppler, Laproscope, Castroscope, Neumathe air aime, Blood analyser and ventilation. An estimated 2 lakh people are visiting the hospital in a year for care and treatment

The hospital has efficiently introduced smart card system for patients and has online system for booking, billing and payment of charges. The ICHL has the ISO ceertificate for the international health care standards.

The ICHL providing relief and seccour to them of thousands of people in the area now occupied a unique position among the hospitals on the co-operative sector in the state. Under the dynamic and able standardship of Shri. A.P. Jackson who continues to adorn the presidenship of the instituition since its inception , the ICHL is on the road to further progress and developments.

*Written By - E. Balagangadharan Menon*

ആശംസകളോടെ....

**കുരിയച്ചിറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 637**

**പി.ഒ. കുരിയച്ചിറ, തൃശ്ശൂർ, 680006**

ചാർളി പന്തല്ലൂക്കാരൻ
(പ്രസിഡണ്ട്)

പി.ഡി. റാഫി
(സെക്രട്ടറി)

# വിജയത്തിലേക്കൊരു തുറന്ന ജാലകം





ഇ.ഡി. സാബു

ജീവനക്കാരെ നയിക്കാൻ ആഗ്രഹിക്കുന്ന ഏതൊരു മാനേജർക്കും ജീവനക്കാരുടെ പിന്തുണ അത്യാവശ്യമാണ്. ഈ അംഗീകാരം ഉടലെടുക്കുന്നത് അവർക്ക് തങ്ങളുടെ മാനേജറുടെ കഴിവിലും ആത്മാർത്ഥതയിലുമുള്ള വിശ്വാസത്തിൽ നിന്നുമാണ്. ജീവനക്കാരുടെ വിശ്വാസവും അംഗീകാരവും നേടിയെടുക്കാൻ സഹായിക്കുന്ന ഘടകങ്ങളെപ്പറ്റി ഓരോ മാനേജറും അറിഞ്ഞിരിക്കേണ്ടതാണ്. അവയിൽ പ്രധാനപ്പെട്ട 2 കാര്യങ്ങൾ താഴെ പറഞ്ഞിരിയ്ക്കുന്നു.

(ലേഖനത്തിൽ പറയുന്ന മാനേജർ എന്ന പദം മേലുദ്യോഗസ്ഥൻ, ജീവനക്കാർ എന്ന പദം കീഴ് ജീവനക്കാർ എന്നുമാണ് വിവക്ഷിക്കുന്നത്)

a. ഒരു മാനേജർ താൻ ഏതു സാഹചര്യത്തിലും തങ്ങൾക്കൊപ്പം ഉണ്ടാകുമെന്ന വിശ്വാസം ജീവനക്കാർക്കിടയിൽ നേടിയെടുക്കണം. അവരുടെ ആവശ്യങ്ങൾക്കു നേരെ മുഖം തിരിയ്ക്കുന്നവൻ ആകരുത്.

b. തെറ്റുകൾ സംഭവിച്ചാൽ അവ ഏറ്റുപറഞ്ഞ് തിരുത്താനുള്ള കഴിവ് തങ്ങളുടെ മാനേജർക്ക് ഉണ്ടെന്നുള്ള വിശ്വാസം ജീവനക്കാർക്കിടയിൽ ഉരുവാക്കിയെടുക്കണം.

മുകളിൽ പറഞ്ഞ ഗുണങ്ങളെ എങ്ങനെ നേടിയെടുക്കാമെന്ന് ഒരു മാനേജർ അറിഞ്ഞിരിക്കേണ്ടതുണ്ട്. അതിനായി താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. മാനേജരുടെ പ്രവർത്തനങ്ങളെപ്പറ്റിയും പെരുമാറ്റത്തെപ്പറ്റിയും ഉള്ള ജീവനക്കാരുടെ അഭിപ്രായങ്ങൾ നിരന്തരമായി തേടി അവയെ നിഷ്പക്ഷമായി വിശകലനം ചെയ്ത് യഥാർത്ഥ പോരായ്മകളെ കണ്ടെത്തി പരിഹരിക്കുവാനുള്ള ആത്മാർത്ഥമായ ശ്രമം നടത്തണം. ജീവനക്കാരുടെ അഭിപ്രായങ്ങൾ മാനേജർ ആനുകൂലമായാലും പ്രതികൂലമായാലും സന്തോഷത്തോടെ അവരുടെ അഭിപ്രായങ്ങളെ സ്വീകരിച്ച് നന്ദി രേഖപ്പെടുത്തേണ്ടതാണ്. ഇതിനോടൊപ്പം തന്നെ അഭിപ്രായങ്ങൾ തങ്ങളുടെ പ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധപ്പെട്ടവരിൽ നിന്നു തേടുന്നത് വളരെയധികം സഹായിക്കും.

2. മാനേജറുടെ പ്രവർത്തനങ്ങളിൽ നിരന്തരമായി തുറവി ഉണ്ടെങ്കിൽ ജീവനക്കാർ തങ്ങളുടെ മാനേജരെ പൂർണ്ണമായി മനസ്സിലാക്കി ഏതു സാഹചര്യത്തിലും അവർ മാനേജർക്കു പിന്തുണ നൽകുന്നതായിരിക്കും. മറിച്ചായാൽ അവർ തങ്ങളുടെ മാനേജരുടെ അപ്രതീക്ഷിതമായ പ്രവർത്തനത്തിലും പെരുമാറ്റത്തിലും രോഷം കൊള്ളുകയും അതിലൂടെ മാനേജർക്ക് തന്റെ ജീവനക്കാരുടെ പിന്തുണ നഷ്ടമാവുകയും ചെയ്യും. ഈ സാഹചര്യങ്ങൾ ഒഴിവാക്കാൻ ഒരു മാനേജർ തന്റെ പോരായ്മകളെക്കുറിച്ചും ജീവനക്കാരിൽ കൃത്യമായ അവബോധം ഉണർത്തണം. തെറ്റുകൾ ഏറ്റുപറഞ്ഞ് അത് തിരുത്താൻ ആഗ്രഹിക്കുന്നവരോട് ക്ഷമിയ്ക്കാൻ എല്ലാവരും തയ്യാറാണ്.

പൊതുവായി പറഞ്ഞാൽ, സ്വന്തം തെറ്റുകൾ മനസ്സിലാക്കി അവ തിരുത്താനുള്ള വിവേകവും കഴിവും ഉള്ളതിനോടൊപ്പം തന്നെ പെരുമാറ്റങ്ങളിലുള്ള പരദർശികതയും ഒരു മാനേജരെ കൂടുതൽ സമ്മതനാക്കും. ഈ ഗുണങ്ങൾ ഉള്ള ഒരു വ്യക്തിയോ

മാനേജരോ സ്വന്തം കുടുംബത്തിലും, ജനങ്ങൾക്കിടയിലും, സുഹൃത്തുക്കൾക്കിടയിലും സഹപ്രവർത്തകർക്കിടയിലും വളരെ പ്രിയപ്പെട്ടവനായിരിക്കും. ഇതിനെല്ലാമുപരിയായി ഈ ഗുണങ്ങൾ ഒരു വ്യക്തിയുടെ അന്തസ്സും ആത്മവിശ്വാസവും വർദ്ധിപ്പിച്ച് അയാളുടെ വ്യക്തിത്വത്തിന്റെ പുതിയമേഖലകൾ കണ്ടെത്താൻ സഹായിക്കുന്നു.

## ജൊഹാരി വിൻഡോ

മുകളിൽ പറഞ്ഞ കാര്യം കൂടുതൽ വിശദീകരിക്കുന്നതിന് ജൊഹാരി വിൻഡോ വളരെ സഹായിക്കും

താഴെ കൊടുത്തിരിയ്ക്കുന്ന ചതുരത്തിൽ ഒരു വ്യക്തിയുടെ വ്യക്തിത്വത്തിന്റെ 2 വശങ്ങളായ അറിവിനെയും അറിവില്ലായ്മയെയും നാലു ഘടകങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നു. അവ

1) സ്വയം ബോധ്യം ഉള്ളതും മറ്റുള്ളവർക്ക് ബോധ്യമുള്ളതും (തുറന്ന ഭാഗം)

2) സ്വയം ബോധ്യം ഇല്ലാത്തതും മറ്റുള്ളവർക്ക് ബോധ്യമുള്ളതും (അന്ധമായ ഭാഗം)

3) സ്വയം ബോധ്യം ഉള്ളതും മറ്റുള്ളവർക്ക് ബോധ്യം ഇല്ലാത്തതും (ഒളിപ്പിച്ചുവച്ച ഭാഗം)

4) സ്വയം ബോധ്യമില്ലാത്തതും മറ്റുള്ളവർക്ക് ബോധ്യം ഇല്ലാത്തതും (അജ്ഞാത ഭാഗം)

ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ നിർണയിക്കുന്ന ഈ പ്രധാന ഘടകങ്ങളെ എങ്ങനെയാണ് ക്രമീകരിച്ചിരിയ്ക്കുന്നതെന്ന് ശ്രദ്ധിക്കുക.

### ജൊഹാരി വിൻഡോ

| | | | |
|---|---|---|---|
| സ്വയം അറിയാവുന്നത് മറ്റുള്ളവർക്കും അറിയാവുന്നത് | തുറന്ന ഭാഗം | അന്ധമായ ഭാഗം | മറ്റുള്ളവർക്ക് അറിയാവുന്നതും സ്വയം അറിയാത്തതും |
| സ്വയം അറിയാവുന്നത് മറ്റുള്ളവരിൽ നിന്നും ഒളിപ്പിച്ചുവച്ചത് | ഒളിച്ചുവച്ച ഭാഗം | അജ്ഞാത ഭാഗം | സ്വയം അറിയാത്തതും മറ്റുള്ളവർക്കും അറിയാത്തത് |

1. ജൊഹാരി വിൻഡോയിലെ തുറന്ന ഭാഗം പ്രതിനിധീകരിയ്ക്കുന്നത് ഒരു വ്യക്തിക്ക് അയാളെക്കുറിച്ച് സ്വയം അറിയുന്നതും മറ്റുള്ളവർക്കു അറിയുന്നതുമായ കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഭാഗത്തെയാണ്.

2. അന്ധമായ ഭാഗം - ഈ ഭാഗം പ്രതിനിധീകരിക്കുന്നത് ഒരു വ്യക്തിക്ക് തന്നെക്കുറിച്ച് സ്വയം അറിയാത്തതും എന്നാൽ മറ്റുള്ളവർക്ക് അറിയുന്നതുമായ കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഭാഗത്തെയാണ്.

3. ഒളിച്ചു വച്ച ഭാഗം - ഒരു വ്യക്തിയ്ക്ക് സ്വയം അറിയാവുന്നതും എന്നാൽ മറ്റുള്ളവരിൽ നിന്ന് മറിച്ചുവച്ച കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഭാഗത്തെയാണ് പ്രതിനിധീകരിയ്ക്കുന്നത്.

4. അജ്ഞാതമായ ഭാഗം - ഒരു വ്യക്തിയ്ക്ക് തന്നെക്കുറിച്ച് സ്വയം അറിയാത്തതും മറ്റുള്ളവർക്ക് അറിയാത്തതുമായ കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഭാഗത്തെയാണ് പ്രതിനിധീകരിയ്ക്കുന്നത്.

ജൊഹാരി വിൻഡോ പറയുന്നത് പ്രകാരം ഒരു വ്യക്തി അഥവാ മാനേജർ ജീവനക്കാരുടെ ഇടയിൽ തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അഭിപ്രായം തേടി വിശകലനം ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുമ്പോൾ ജൊഹാരി വിൻഡോയിലെ അന്ധ (Blind) ഭാഗത്തിന്റെ വിസ്തീർണ്ണം കുറയുകയും തുറന്ന (Open) ഭാഗത്തിന്റെ വിസ്തീർണ്ണം കൂടുകയും ചെയ്യും. ഇതിനോടൊപ്പം തന്നെ ഒരു മാനേജർ തന്റെ പ്രവർത്തനങ്ങളിൽ പരദർശികത (മറവില്ലായ്മ) വച്ചു പുലർത്തുകയും, തനിക്കറിയാവുന്ന പ്രസക്തമായ കാര്യങ്ങൾ ജീവനക്കാരിലെത്തിക്കുകയും വഴി ജൊഹാരി വിൻഡോയിലെ ഒളിച്ചുവച്ച ഭാഗത്തിന്റെ വിസ്തീർണ്ണം കുറയുകയും അതുവഴി ഒരു മാനേജർക്ക് തന്റെ വ്യക്തിത്തത്തിന്റെ പുതിയ മേഖലകൾ കണ്ടെത്താനും തുടർന്ന് ഇത് ജൊഹാരി വിൻഡോയിലെ തുറന്ന (Open) ഭാഗത്തിന്റെ വിസ്തീർണ്ണം വർദ്ധിക്കുന്നു. ഈ പ്രക്രിയയിലൂടെ ഒരു മാനേജർക്ക് ജീവനക്കാർക്കിടയിൽ കൂടുതൽ സമ്മതി കൂടും.

താഴെ കൊടുത്തിരിക്കുന്ന ചിത്രം ശ്രദ്ധിയ്ക്കുക.




സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിയ്ക്കുന്ന ചിലർ വിചാരിച്ചിരിയ്ക്കുന്നത് തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ തേടുന്നതും തുറവി വച്ചു പുലർത്തുന്നതും എതിരാളിയ്ക്ക് തന്നെ വിമർശിക്കാൻ അവസരം കൊടുക്കുകയാണെന്നാണ്. എന്നാൽ വസ്തുത നേരെ മറിച്ചാണ്. അഭിപ്രായങ്ങൾ തേടുന്നത് കൂടുതൽ ഊഷ്മളമായി ബന്ധം ജനങ്ങളുമായി സ്ഥാപിക്കാൻ ഒരു നേതാവിനെ സഹായിക്കും.

ജൊഹാരി വിൻഡോയും അതേ തുടർന്നുള്ള അതിന്റെ വിശദീകരണത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ഒരു മാനേജർ തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അഭിപ്രായം തേടി യഥാർത്ഥ പോരായ്മ കണ്ടെത്തി തിരുത്തുകയും, സ്വഭാവത്തിലും പെരുമാറ്റത്തിലും തുറവി വച്ചു പുലർത്തുകയും ചെയ്യുന്നതിലൂടെ അയാൾ കൂടുതൽ സമ്മതനാകുന്നു. ഗാന്ധിജിയുടെ ജീവിതം ഇതിന് വലിയൊരു ഉദാഹരണമാണ്.




സഹകരണ രംഗത്തെ

പുത്തൻ വിശേഷങ്ങൾക്കും നൂതന ആശയങ്ങൾക്കും

**www.sahakari.net**

E.D. Sabu, Chief Administrator
www.sahakari.net
P.O. Meladoor, Thrissur - 680741
Ph: 9747300111

Best Wishes....

## The Makkaraparamba
## Service Co-operative Bank Ltd. P. 576

**M. Hassan**
President

**Haneefa Perinchery** M.com., LLB, MBA
Secretary